ഉദ്ഘാടനവേദിയിൽവച്ച് 50 ലക്ഷം രൂപ പ്രഖ്യാപിച്ചു. അതിനുശേഷം 18 മാസങ്ങൾ കഴിഞ്ഞെങ്കിലും ഇതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. അപ്രോച്ച് റോഡില്ലാത്തതിനാൽ ജനങ്ങൾക്ക് പാലംകൊണ്ട് യാതൊരു പ്രയോജനവുമില്ല. പി.ഡബ്ല്യു.ഡി-യും റവന്യൂ വകുപ്പും പരസ്പരം തട്ടിക്കളിക്കുകയാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇടച്ചിറ പാലത്തിന് അപ്രോച്ച്റോഡ് നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

12.00 Noon]

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, റവന്യൂ, പൊതുമരാമത്ത് വകുപ്പുകൾ പരസ്പരം തട്ടുന്ന പ്രശ്നമില്ല. ഇടച്ചിറ പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും പണി 2013 ഫെബ്രുവരി മാസം പൂർത്തീകരിച്ചതാണ്. ആ പാലത്തിന്റെ ഉദ്ഘാടന സമയത്ത് അപ്രോച്ച് റോഡിന് അനുബന്ധമായി മറ്റൊരു റോഡിന്റെ ആവശ്യം ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചിരുന്നു. ഇരുത്തിലേക്കുള്ള ഗതാഗത സൗകര്യത്തിനുവേണ്ടിയുള്ള ഈ റോഡ് നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം ആലപ്പാട് പഞ്ചായത്താണ് ഏറ്റെടുത്ത് തരേണ്ടത്. സ്ഥലം ഏറ്റെടുത്ത് നൽകാമെന്ന് ആലപ്പാട് പഞ്ചായത്ത് ഉറപ്പ് നൽകിയിരുന്നു. എന്ന് സ്ഥലം ഏറ്റെടുത്ത് തരുന്നുവോ അന്ന് അതിനുള്ള ഭരണാനുമതി നൽകി റോഡ് നിർമ്മാണം ആരംഭിക്കുന്നതാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

(7) അയിലം പാലം

ശ്രീ. ബി. സത്യൻ: സർ, വളരെ പ്രധാനപ്പെട്ട ഒരു പാലത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്ന വിഷയം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ആറ്റിങ്ങൽ മണ്ഡലത്തിലെ അയിലം പാലത്തിന്റെ നിർമ്മാണം 2009-ൽ ആരംഭിച്ചതാണ്. അന്ന് ഈ പാലം കിളിമാനൂർ നിയോജകമണ്ഡലത്തിലായിരുന്നു. ഇപ്പോൾ ആറ്റിങ്ങൽ - പഴയ പിറയിൻകീഴ് നിയോജകമണ്ഡലങ്ങളെ തമ്മിലും പുളിമാത്ത്-മുദാക്കൽ എന്നീ രണ്ട് പഞ്ചായത്തുകളെ തമ്മിലും ബന്ധിപ്പിക്കുന്നതാണ് പ്രസ്തുത പാലം. പാലം നിർമ്മാണം 4 വർഷം പിന്നിട്ടു. മൂന്നാമത് തവണ കാലാവധി നീട്ടിക്കൊടുത്തെങ്കിലും നിർമ്മാണം പഴയ അവസ്ഥയിൽത്തന്നെ നിൽക്കുകയാണ്. നിരവധി തവണ ചീഫ് എഞ്ചിനീയർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരുമായി ഞാനും സമീപമണ്ഡലത്തിലെ എം.എൽ.എ. ആയ ശ്രീ. വി. ശശിയും സംസാരിച്ചെങ്കിലും നിർമ്മാണം പഴയ അവസ്ഥയിൽത്തന്നെ തുടരുകയാണ്. എല്ലാ വർഷവും പുതിയ ഷെഡ്യൂൾ അപ്ഡേറ്റ് ചെയ്യുന്നുണ്ടെന്നും പുതിയ നിരക്കുകൾ

LIBRARY ARCHIVES Kerala Legislative Assembly

വരുമ്പോൾ കരാർ ഏറ്റെടുത്തവർക്ക് സാമ്പത്തിക ബാധ്യത വരുന്നുവെന്നും കരാറുകാരുടെ സാമ്പത്തിക ബാധ്യതകൊണ്ട് നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്തതാണെന്നും പറയുന്നുണ്ട്. ഇക്കാര്യങ്ങളെല്ലാം ഒരു ഭാഗത്തുനിന്നേതിലും ഞാൻ നിരന്തരമായി ഉദ്യോഗസ്ഥരുമായി ബന്ധപ്പെടുന്നുണ്ട്. കരാറുകാരന് സാമ്പത്തിക ബാധ്യത ഉള്ളതുകൊണ്ടും നിരവധി ബില്ലുകൾ മാറിക്കിട്ടാനുള്ളതുകൊണ്ടും സമയബന്ധിതമായി നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിയുന്നില്ലെന്നുള്ള വിവരമാണ് ഇപ്പോൾ ലഭിക്കുന്നത്. പൊതുമരാമത്ത് വകുപ്പ് സമയബന്ധിതമായി പൂർത്തീകരിക്കുന്ന ഒട്ടേറെ പദ്ധതികളുടെ ലിസ്റ്റിനിൽ പാലങ്ങളുടെ പ്രത്യേക ലിസ്റ്റുണ്ട്. ആ പ്രത്യേക ലിസ്റ്റിൽ അയിരൂപ്പാറ പാലംകൂടി ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്. അദ്ദേഹം താൽപ്പര്യമെടുക്കുകയും മറ്റ് പാലങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതോടൊപ്പം ഈ പാലത്തിന്റെ നിർമ്മാണവും പൂർത്തീകരിക്കാനും നിർമ്മാണ പ്രവൃത്തികൾ വേഗത്തിലാക്കാനുംവേണ്ട നിർദ്ദേശം നൽകിയിട്ടുമുണ്ട്. ഇതുസംബന്ധിച്ച മേൽനോട്ടം മാറിമാറിവരുന്ന എഞ്ചിനീയർമാരാണ് കൈകാര്യം ചെയ്യുന്നത്. റോഡ്സിനും ബ്രിഡ്ജസിനുമായി ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയറെയാണ് പുതുതായി നിയമിച്ചിട്ടുള്ളത്. മേൽത്തട്ടിലുള്ള പരിശോധനകൾ നടത്തുന്നതും ഒരാളാണ്. റോഡിനും മറ്റ് നിർമ്മാണങ്ങൾക്കും കാണിക്കുന്ന താൽപ്പര്യം പാലം നിർമ്മാണങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്ന കാര്യത്തിൽ കാണിക്കുന്നില്ല എന്നാണ് എഞ്ചിനീയറിംഗ് വിഭാഗം കാണിക്കുന്ന താൽപ്പര്യമില്ലായ്മ പാലം പണിക്ക് വേഗത കുറച്ചിട്ടുണ്ട്. 'പാലം നിർമ്മാണം അനിശ്ചിതത്വത്തിൽ', 'പാലം പഴയ അവസ്ഥയിൽ' തുടങ്ങിയ തലക്കെട്ടുകളോടെ പത്രമാധ്യമങ്ങൾ നിരന്തരമായി എഴുതുകയാണ്. മറുഭാഗത്തുകളിൽ നടന്നുവരുന്ന നിർമ്മാണപ്രവൃത്തികൾ പുരോഗമിക്കുന്നുമുണ്ട്. കരാറുകാരൻ പിന്നീട് സന്ദർഭങ്ങളിൽ നന്നായി പണി നടത്തുകയും പിന്നെ മാറ്റിവയ്ക്കുകയും ചെയ്യും. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിയ പണി ഈ ഗവൺമെന്റിന്റെ കാലത്തെങ്കിലും പൂർത്തിയാക്കണമെന്ന ആഗ്രഹം അവിടത്തെ ജനങ്ങൾക്കും ജനപ്രതിനിധികൾക്കുമുണ്ട്. സമീപമണ്ഡലത്തിലെ എം.എൽ.എ. ആയ ശ്രീ. വി. ശശിയേയും കൂടി ചേർത്ത് ഉന്നതതല യോഗം വിളിച്ച് പണി സമയബന്ധിതമായി പൂർത്തിയാക്കാനുള്ള തീരുമാനമുണ്ടാകണമെന്ന് വിനയപൂരസ്സരം അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, 2009-ൽ 540 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ പാലമാണ് അയിരൂപ്പാറ പാലം. ഇപ്പോൾ ആ പാലത്തിന്റെ പണി പുരോഗതിയിലാണ്. പാലത്തിന് മൂന്ന് സ്പാനുകൾ ഉള്ളതിൽ രണ്ടെണ്ണം പൂർത്തിയായിട്ടുണ്ട്. നിർഭാഗ്യവശാൽ പല

LIBRARY ARCHIVES Kerala Legislative Assembly

പാലങ്ങളുടെയും റോഡുകളുടെയും പണി ഏറ്റെടുക്കുന്ന കരാറുകാരിൽ ചില കരാറുകാർ വളരെ ഉഴപ്പുന്നുണ്ടെന്നുള്ള കാര്യത്തിൽ സംശയമില്ല. പണ്ട് കിട്ടാത്തതാണെന്നുള്ള വാദം ശരിയല്ല. IOU സമ്പ്രദായത്തിൽ ഏകദേശം കരാറുകാരുടെയും കടിശ്ശിക തീർത്തുകൊണ്ടിരിക്കുകയാണ്. നിർഭാഗ്യവശാൽ ചില കാര്യങ്ങളിലും നമുക്ക് ഇടപെടാൻ പറ്റാത്ത നിയമപരമായ തടസ്സങ്ങളുണ്ട്. വർഷങ്ങൾ ഉപേക്ഷിക്കുന്നത് കരാറുകാരുടെ ഹാബിറ്റായി മാറിയിരിക്കുകയാണ്. അഞ്ചുകൊല്ലത്തിനുള്ളിൽ കരാറുകാരൻമരിക്കാം 2009-ൽ ശ്രീ. സത്യൻ, എം.എൽ.എ.-യ്ക്ക് കിട്ടിയത്. ഇത് കേരളത്തിൽ മൊത്തത്തിലുള്ള അവസ്ഥയാണ്. ചില കരാറുകാർ നല്ല രീതിയിൽ വർക്ക് ചെയ്യുന്നുണ്ടെങ്കിലും ചിലർ സമയത്ത് നഷ്ടപ്പെടുത്തുകയും ജനങ്ങളുടെ വെറുപ്പ് സമ്പാദിച്ചുതരുന്നവരുമാണ്. ഇങ്ങനെയുള്ളവരെ എലിമിനേറ്റ് ചെയ്യാൻ നിയമപരമായ തടസ്സങ്ങളുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് യോഗം വിളിച്ച് പാലത്തിന്റെ നിർമ്മാണം ത്വരിതഗതിയിലാക്കി ഉദ്ഘാടനം ചെയ്യുന്നതാണ്.

(8) വിവിധ പാലങ്ങളുടെ നിർമ്മാണം

ശ്രീ. വി. ശിവൻകുട്ടി: സർ, നേമം നിയോജക മണ്ഡലത്തിലെ മധുപാലം, പനത്തുറ, മുടവൻമുഗൾ, സത്യൻനഗർ, പള്ളത്ത് കടവ്, കല്ലടിമുഖം, മാങ്കോട്ട് കടവ്, തിരുവല്ലം-ഇടയാർ, കീഴാറനൂർ തുടങ്ങിയ 9 പാലങ്ങളുടെ നിർമ്മാണത്തിനായി 2015-ലെ സംസ്ഥാന ബഡ്ജറ്റിൽ നിർദ്ദേശിച്ചിട്ടുള്ളതാണ്. ഇതെല്ലാം എൽ.ഡി.എഫ്.-ന്റെ കാലം മുതൽ നിർദ്ദേശിച്ചുവരുന്നവയാണ്. ഇതിൽ മധുപാലം എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 7 കോടി രൂപ വിനിയോഗിച്ച് നിർമ്മിക്കുന്നതാണ്. ഈ പാലത്തിനും നേമം മണ്ഡലത്തിലെ കല്ലടിമുഖം പാലം, പള്ളത്ത് കടവ് പാലം എന്നീ പാലങ്ങൾക്കും സർക്കാരിൽനിന്ന് ഭരണാനുമതി ലഭിച്ചതാണ്. എന്നാൽ ഭരണാനുമതിയുള്ള മേൽപ്പറഞ്ഞ 3 പാലങ്ങളുടെയോ നേമം മണ്ഡലത്തിലെ മറ്റ് ആറ് പാലങ്ങളുടെയോ നിർമ്മാണത്തിന് ഇപ്പോഴും യാതൊരു പുരോഗതിയും ഉള്ളതായി കാണുന്നില്ല. ഈ പാലങ്ങളുടെയെല്ലാം നിർമ്മാണ അവലോകനം അതാത് പ്രദേശങ്ങളിലെ ജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് എന്റെയും ബന്ധപ്പെട്ട പൊതുമരാമത്ത് ബ്രിഡ്ജസ് ഉദ്യോഗസ്ഥന്മാരുടെയും സാന്നിദ്ധ്യത്തിൽ ചേരുകയുണ്ടായി. എന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി നിയമസഭയിലുള്ള അദ്ദേഹത്തിന്റെ ആഫീസിൽ പ്രസ്തുത പാലങ്ങളുടെ നിർമ്മാണ അവലോകന യോഗം വിളിച്ചുചേർക്കുകയുണ്ടായി. ഈ പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ ഇപ്പോഴും ആരംഭിക്കാൻ കഴിയാതെ ഫയലിൽ ഉറങ്ങുന്നതിന് കാരണം പ്ലാന്റ് അക്വിസിഷന്റെ കുഴപ്പങ്ങളും കാലാകാലങ്ങളുമാണ്. 2013-ൽ

LIBRARY ARCHIVES Kerala Legislative Assembly